**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1011 — 05/02/2020 -ലെ മറുപടിക്ക്.

**തൊഴിൽ നയം**

ചോദ്യം
**ശ്രീ. പി.സി. ജോർജ് :**

മറുപടി
**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തൊഴിൽ നയം രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമ ഐശ്വര്യങ്ങളും സാമൂഹിക സുരക്ഷയും ഈ നയം ഉറപ്പാക്കുന്നു. തൊഴിലുടമ തൊഴിലാളി ബന്ധം ഊട്ടി ഉറപ്പിച്ച് കേരളത്തെ തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി ശക്തിപ്പെടുത്താനും സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യംവച്ച് അടിസ്ഥാന സൗകര്യ വിപുലീകരണവും ഈ നയത്തിലൂടെ ഉദ്ദേശിക്കുന്നു. |
| (ബി) | ആധുനിക കാലഘട്ടത്തിനനുസരിച്ചുള്ള തൊഴിൽ നൈപുണ്യ വികസനത്തിന് ഈ നയം ഏത് രീതിയിലാണ് സഹായകരമാകുന്നതെന്ന് വിശദമാക്കാമോ; | (ബി) | ആധുനിക കാലഘട്ടത്തിനനുസരിച്ചുള്ള തൊഴിൽ നൈപുണ്യ വികസനത്തിന് കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് വഴിയും, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ് വഴിയും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തൊഴിൽ നയം വിഭാവനം ചെയ്തിട്ടുണ്ട്. നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിനെ (KASE) സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് മിഷനായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | തൊഴിൽ നയത്തിന്റെ പ്രയോജനം ഗ്രാമീണ തൊഴിൽ മേഖലയ്ക്കു കൂടി ലഭ്യമാകുന്ന തരത്തിൽ ആവശ്യമായ | (സി) | ഗ്രാമീണ തൊഴിൽ മേഖലയ്ക്കു കൂടി പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് |

| | | | |
|---|---|---|---|
| | മാറ്റങ്ങൾ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത സർക്കാർ പരിശോധിക്കുമോ; വിശദമാക്കാമോ? | | തൊഴിൽ നയം വിഭാവനം ചെയ്തിട്ടുള്ളത്. സമൂഹത്തിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും തൊഴിൽ സുരക്ഷയും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടാണ് തൊഴിൽ നയത്തിന് രൂപം നൽകിയിട്ടുള്ളത്. ഉത്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച് ലിംഗസമത്വം ഉറപ്പ വരുത്തുക, തൊഴിലാളികൾക്ക് ന്യായമായ വേതനവും, ആരോഗ്യ സുരക്ഷയും ഉറപ്പാക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും, ശുചിത്വവും ഉറപ്പ വരുത്തി മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കിയും സേവന കാലയളവിലും അതിനു ശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പ് വരുത്തിയും തൊഴിലാളികളുടെ നിയമ പരമായ അവകാശങ്ങൾ സംരക്ഷിച്ചും തൊഴിൽ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക, സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പ വരുത്തുക എന്നിവയാണ് നയത്തിന്റെ ലക്ഷ്യങ്ങൾ. |

സെക്ഷൻ ഓഫീസർ